## പതിനാലാം കേരള നിയമസഭ
### ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2150 — 01.02.2018 — ൽ മറുപടിക്ക്

## റേഷൻ മുൻഗണനാ പട്ടികയിലെ അനർഹർ

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ. ഐ.സി.ബാലകൃഷ്ണൻ :** | | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി)** |
| (എ) റേഷൻ മുൻഗണനാ പട്ടികയിൽ അനർഹർ കടന്ന് കൂടിയെന്ന പരാതിയുടെ അടിസ്ഥാനത്തിൽ അവരെ ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; <br>(ബി) മുൻഗണനാ പട്ടികയിലെ നിബന്ധനയിൽ കൂടുതൽ ഭൂമി, ഇരുനില വീടുള്ളവർ, നാല് ചക്രവാഹനമുള്ളവർ എന്നിവരെ കണ്ടെത്തി ഒഴിവാക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണ്; | (എ) യും (ബി) യും | അന്തിമ മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള അനർഹരെ ഒഴിവാക്കുന്നതിനുള്ള നടപടികൾ തുടർന്നു വരുന്നു. ഇതേവരെ രണ്ടു ലക്ഷത്തി അറുപത്തി രണ്ടായിരത്തോളം കാർഡുടമകൾ അനർഹമായി ഉൾപ്പെട്ടിട്ടുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. മുൻഗണനാ പട്ടികയിൽ ഉൾപ്പെടേണ്ട അപേക്ഷകൾ പരിശോധിച്ച് റേഷൻകടകൾ വഴി അദാലത്ത് നടത്തി പട്ടിക തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. സർക്കാർ ജീവനക്കാർ ഉൾപ്പെടെയുള്ള അനർഹരെ ഒഴിവാക്കി അർഹരെ ഉൾപ്പെടുത്തുന്നതിനുള്ള നടപടിക്രമങ്ങൾ തുടർന്നു വരുന്നു. പൊതുവായ പരാതികളുടെ അടിസ്ഥാനത്തിൽ മാനദണ്ഡങ്ങളിൽ ഉചിതമായ മാറ്റം വരുത്തി ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. കൂടാതെ മോട്ടോർ വാഹന വകുപ്പ്, തദ്ദേശ സ്വയം ഭരണ വകുപ്പ് എന്നിവർ നൽകിയ പട്ടിക പരിശോധിച്ച് അനർഹരെ ഒഴിവാക്കുന്ന നടപടി സ്വീകരിച്ച് വരുന്നു. |
| (സി) മുൻഗണനാ പട്ടികയിൽ ഇടം പിടിച്ച എത്ര സർക്കാർ ഉദ്യോഗസ്ഥർ സ്വയം ഒഴിയുന്നതിന് രേഖാമൂലം അപേക്ഷ നൽകിയിട്ടുണ്ട്; | (സി) | 91169 സർക്കാർ ഉദ്യോഗസ്ഥർ ഒഴിവായിട്ടുണ്ട്. |

(ഡി) സ്വയം ഒഴിയാത്ത ജീവനക്കാരുടെ പേരിൽ കർശന ശിക്ഷണ നടപടി സ്വീകരിക്കുവാനും, റേഷൻ അർഹതപ്പെട്ടവർക്ക് മുടങ്ങാതെ ലഭിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ?

(ഡി) ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർമാർ ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസർമാർക്ക് മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ട ജീവനക്കാരുടെ വിവരങ്ങൾ നൽകി അവരെ ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ഇതിനുപരിയായി അനർഹർക്കെതിരെ ഇൻഡ്യൻ ക്രിമിനൽ ശിക്ഷാനിയമ പ്രകാരവും അവശ്യ സാധന നിയമം, 1955 പ്രകാരവും നടപടിയെടുക്കുവാൻ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഓരോ റേഷൻ കാർഡിനും ഓരോ മാസവും ലഭ്യമാകുന്ന അർഹതപ്പെട്ട ഭക്ഷ്യ ധാന്യ വിഹിതത്തിന്റെ വിതരണത്തോടൊപ്പം കാർഡുടമകളെ SMS മുഖേന അറിയിക്കുന്നുണ്ട്. കൂടാതെ 31.03.2018-ന മുമ്പ് എല്ലാ റേഷൻ കടകളിലും ഇ-പോസ് സംവിധാനം സ്ഥാപിക്കുന്നതിനുള്ള നടപടി പുരോഗമിച്ചു വരുന്നു. ഇ-പോസ് സംവിധാനം പ്രാവർത്തികമാകുന്നതോടെ ബയോമെട്രിക് ഐഡന്റിറ്റി മുഖേന റേഷൻ വിതരണം നടത്തുന്നതിനാൽ ഭക്ഷ്യ ധാന്യ വിഹിതം യഥാർത്ഥ ഗുണഭോക്താക്കൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പാക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ